"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — അഴീക്കോട് ഗ്രാമപഞ്ചായത്ത് - 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.22 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ ( എ ബി) വകുപ്പ്**

G.O.(Rt)No.868/2025/LSGD തീയതി,തിരുവനന്തപുരം, 29-03-2025

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 16.06.2015 ലെ എം3-44099/2014 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.06.2023 ലെ ഡി.കെ.എസ്.എ /1642/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്ത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പട്ടിക ജാതിക്കാരുടെ പുരയിടം മണ്ണിട്ടു നികത്തൽ എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും സബ്സിഡിയായി **2011-12** ൽ അനുവദിച്ച **1,00,000/-**രൂപ **2011-12** വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക **3.22** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

**2.** അഴീക്കോട് ഗ്രാമപഞ്ചായത്ത് **2011-12-**ൽ പട്ടികജാതിക്കാരുടെ പുരയിടം മണ്ണിട്ട് നികത്തൽ എന്ന പദ്ധതി പ്രകാരം **10** പേർക്ക് പുരയിടം മണ്ണിട്ട് നികത്തുന്നതിന് ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ **1,00,000/-** രൂപ അനുവദിച്ചിരുന്നുവെന്നും സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകിയതിനാലാണ് ടി തുക തടസ്സപ്പെടുത്തിയിട്ടുള്ളതെന്നും കൂടാതെ **2012-13** സ്പിൽ ഓവറായി പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ **20,000/-** രുപയും ചെലവഴിക്കുകയുണ്ടായെന്നും പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയ പദ്ധതി ആയതിനാലും നിർദ്ധനരായ പട്ടികജാതി ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ പിടിക്കുന്നത് ബുദ്ധിമുട്ടായതിനാലും പട്ടികജാതി

സങ്കേതങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുക എന്ന സദുദ്ദേശത്തോടെ ചെയ്ത പ്രവൃത്തിയായതിനാലും ഗ്രാമപഞ്ചായത്ത് ഭരണസമിതി മേൽ ചെലവിന് സർക്കാരിൽ നിന്നുള്ള സാധൂകരണത്തിനായി അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കൂടാതെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും അനകൂല ശിപാർശ ലഭ്യമാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. പരാമർശ പദ്ധതി നടപ്പിലാക്കിയത് സർക്കാരിന്റെ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണെന്നും എന്നാൽ പട്ടിക ജാതി സങ്കേതങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും, ഗുണഭോക്താക്കൾ അർഹരാണെന്ന് കമ്മിറ്റിക്ക് ബോധ്യമുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റി 31.03.2014 ലെ 37/2014(എ)നം. തീരുമാന പ്രകാരം വിശദീകരിക്കുകയും കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും പഞ്ചായത്ത് ഡയറക്ടറും അനുകൂല ശുപാർശ നല്കിയിട്ടുള്ളതിനാലും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നല്കുന്ന വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.22 പ്രകാരം തടസ്സപ്പെടുത്തിയ 1,00,000/-രൂപയും 2012-13 -ൽ സ്പിൽ ഓവറായി ടി പദ്ധതി നടപ്പിലാക്കിയതിലൂടെ ചെലവഴിച്ച 20,000/- രൂപയും ഉൾപ്പെടെ ആകെ **1,20,000/- രൂപയുടെ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അഴീക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/502/2015-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 03-04-2025 10:24:26

സെക്ഷൻ ഓഫീസർ